കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൽ .എം. പി1/49/17

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം,
കൊല്ലം ജില്ല,
തീയതി.10-02-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.എൽ .എം. പി1/49/17. തീയതി:10-02-2017

# കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10-02-2016 മുതൽ 24-10-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി. ഗീത. എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24-10-2016 മുതൽ 29-11-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. മാത്യു റോയ് .കെ.പി. | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീമതി ശ്രീകുമാരി.റ്റി | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മനു.കെ.നായർ. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | | ശ്രീമതി വിഷ്ണുപ്രിയ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.അനീഷ്.എം | 01-04-15 മുതൽ 31-10-15 വരെ |
| | | ശ്രീമതി.സുജാത മോഹൻ | 01.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | : | ശ്രീ.എസ്. പ്രസാദ് | 01-04-15 മുതൽ 31-05-15 വരെ |
| | | ശ്രീമതി. ഫ്ലോസിലാസ് (അസിസ്റ്റന്റ് സെക്രട്ടറി –ചാർജ്) | 01.06.15 മുതൽ 22-7-15 വരെ |
| | : | ശ്രീ.ബി.അജയകുമാർ | 23-07-15 മുതൽ 31-3-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.സെക്രട്ടറി | : : | ശ്രീമതി. ഫ്ളോസിലാസ് | 01-04-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | : | ശ്രീ .താഹ | 01-04-15 മുതൽ 31-03-16 വരെ |
| വെറ്റിനറി സർജൻ | : | ഡോ.സിനി തോമസ് | 1-4-15 മുതൽ 31-03-16 വരെ |
| അസി.എഞ്ചിനിയർ | : | ശ്രീമതി.എസ്.ഷീല | 01-04-15 മുതൽ 31-03-16 വരെ |
| ഹെഡ്മിസ്ട്രസ് | : | ശ്രീമതി.ഗ്രേസി തോമസ് | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | : | ഡോ.അനൂപ് | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ | : | ഡോ.ഷമ്മി | 01-04-15 മുതൽ |

| | | | |
|---|---|---|---|
| (ആയുർവ്വേദം) | | | 31-03-16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി.സുധർമ്മ | 01-04-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ സർക്കിൾ -1 | : | ശ്രീ.ജയപ്രകാശ് | 01-04-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ സർക്കിൾ -2 | : | ശ്രീമതി.ലിറ്റി<br>ശ്രീ.ജയപ്രകാശ് (ചാർജ്) | 01-04-15 മുതൽ 01-10-15 വരെ<br>1.11.15 മുതൽ 31-03-16 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 10 | ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷയിന്മേൽ നടപടിയെടുക്കുന്നില്ല | 2-1 |
| 11 | ലൈസൻസ് ഫീസിനോടൊപ്പം ഈടാക്കേണ്ട മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല | 2-2 |
| 12 | കമ്മ്യൂണിറ്റി ഹാൾ വാടക – അക്കൗണ്ടിൽ ഒടുക്കിയതിൽ കുറവ് | 2-3 |
| 13 | തൊഴിൽ നികുതിയിലെ അപാകതകൾ | 2-4 |
| ഭാഗം 3 | | |
| 14 | ഐ.എ.വൈ-വിഹിതം നൽകൽ - വിനിയോഗ രേഖ ഹാജരാക്കിയില്ല. | 3-1 |
| 15 | കുഴൽ കിണർ നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-2 |
| 16 | പുനക്കന്നൂർ സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതി - പദ്ധതി നടപ്പിലാക്കിയില്ല | 3-3 |
| 17 | അംഗൻവാടിയ്ക്ക് വാങ്ങിയ ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല | 3-4 |
| 18 | ആടുവളർത്തൽ - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല | 3-5 |
| 19 | ഫ്രണ്ട് ഓഫീസിലേക്ക് വാങ്ങിയ ടി.വി നശിക്കപ്പെട്ടു - 20000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 20 | ആശ്രയ പദ്ധതി | 3-7 |
| 21 | ഉപയോഗിക്കാത്ത തെരുവ് വിളക്കുകൾക്ക് കറൻറ് ചാർജ്ജ് ഒടുക്കുന്നു | 3-8 |
| 22 | പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്ക് - 1113000/-രൂപ | 3-9 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 23 | വെന്റ് പൈപ്പ് വല സ്ഥാപിക്കൽ - തുക ചിലവഴിച്ചതിലെ അപാകതകൾ | 3-10 |
| 24 | കമ്മ്യൂണിറ്റി ഹാൾ പരിപാലനത്തിൽ വീഴ്ച | 3-11 |
| 25 | സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ -18725/- രൂപ നിരാകരിക്കുന്നു | 3-12 |
| ഭാഗം 4 | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | അനുബന്ധം – ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം 1

## പൊതു അവലോകനം

**1-1** ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-03-15 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

**1-2** വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 26-07-2016 | ഇല്ല | ഇല്ല |

**1-3** വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 01-10-2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധ-മായി ചേർത്തിട്ടുണ്ട് |

| | | | |
|---|---|---|---|

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1.ആസ്തിയുടെ കൃത്യമായ മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കി സാഖ്യയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
4.നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ വരവിന്റെ കൃത്യത ഉറപ്പാക്കു-വാൻ കഴിഞ്ഞിട്ടില്ല.
5.ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ഡെപ്പോസിറ്റുകളുടെ കൃത്യത വ്യക്തമല്ല .
6.വികസന ഫണ്ട് ജനറൽ RP31- ൽ 2209085/- രൂപ കൂടുതലുണ്ട്. ട്രഷറിയിൽ ഒടുക്കിയ തുക ധനകാര്യ പത്രികയിൽ കുറവ് ചെയ്തിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33409695 |
| വരവ് | 59352551 |
| ആകെ | 92762246 |
| ചെലവ് | 79144113 |
| നീക്കിയിരിപ്പ് | 13618133 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2141482 | 13174964 | 15316446 | 15316446 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 5590695 | 6479042 | 12069737 | 12069737 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 12000 | 0 | 12000 | 12000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 4598781 | 6230369 | 10829150 | 10829150 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2646323 | 1519367 | 4165690 | 4165690 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4847699 | 3210236 | 8057935 | 8057935 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 4017135 | -4342 | 4012793 | 4012793 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 26249 | 12878759 | 12905008 | 12903269 | 1739 | 99.9 |
| ബി ഫണ്ട് | 0 | 36867930 | 36867930 | 36867930 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 101845941 | 162 | 61482606 | 13 | 59 | 69 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6098860 | 7763860 | 1664970 | 27 |
| നികുതിയേതര വരവുകൾ | 2029267 | 2579404 | 550137 | 27 |
| മറ്റ് വരവുകൾ | 10064279 | 11346644 | 1282365 | 12.7 |
| ആകെ | 18192406 | 21689908 | 3497502 | 19 |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താ – ക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 742680 | 548 |
| കർഷക തൊഴിലാളി പെൻഷൻ | 1845420 | 302 |
| വിധവാ പെൻഷൻ | 22141360 | 2248 |
| വാർദ്ധക്യകാല പെൻഷൻ | 10164270 | 346 |
| വികലാംഗ പെൻഷൻ | 5919490 | 604 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 174440 | 19 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 330000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11--2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 50215/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

തൊഴിൽ നികുതി, വാടക രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. വരവിനങ്ങളുമായി ബന്ധപ്പെട്ട രശീതികളുടെ രേഖപ്പെടുത്തലുകളിൽ പിഴവ് വരുത്തുന്നു. ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകൾ തുടർ നടപടികൾ സ്വീകരിക്കാതെ സൂക്ഷിച്ചിരിക്കുന്നു. വരവിനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ചിരിക്കുന്ന പിഴവ് പഞ്ചായത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തനത് ഫണ്ട്, ബി ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-09-2016 | 08/2016 വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-06-2014 | 2009-10 മുതൽ 2013-14 വരെ | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷ ലഭിച്ചിട്ടും നടപടിയെടുത്തില്ല

2015-16 വർഷത്തെ ഡി ആന്റ് ഒ ലൈസൻസിനുള്ള 51 അപേക്ഷകൾ യാതൊരു നടപടിയും സ്വീകരിക്കാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.8/25.11.16) അനുബന്ധ രേഖകൾ ഇല്ലാത്തതും, ഫീസ് ഒടുക്കാത്തതുമായ അപേക്ഷകളാണ് ഇപ്രകാരം സൂക്ഷിച്ചിരിക്കുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ ടി അപേക്ഷകൾ പരിശോധിച്ച് ലൈസൻസ് നൽകാൻ കഴിയാത്തതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടില്ല. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലൈസൻസിനുള്ള അപേക്ഷ നൽകിയിട്ടും ലൈസൻസ് നല്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് | മേൽവിലാസം | സ്ഥാപനത്തിന്റെ സ്വഭാവം | യന്ത്ര സാമഗ്രി കളുടെ വിവരം |
|---|---|---|---|---|---|
| 1 | XVIII/572 | ബീന | മധു ഭവനം പെരുമ്പുഴ പി.ഒ, കൊല്ലം | വെൽഡിംഗ് വർക്ക് ഷോപ്പ് | 2HP |
| 2 | XIX/409 | നിസാമുദ്ദീൻ | മുകളുവിളവീട്, മേക്കോൺ, ചന്ദനത്തോപ്പ് | തീപ്പെട്ടിക്കൊള്ളി, പെൻസിൽ സ്ലാട്ട് നിർമ്മാണം | |
| 3 | III/303 | അജയൻ.എസ്സ് | ബംഗ്ലാവിൽ, പെരുമ്പുഴ | ടയർ വിൽപ്പന | |
| 4 | VIII/216 | പങ്കജാക്ഷിഅമ്മ | അരുൺ നിവാസ്, റേഡിയോ ജംഗ്ഷൻ, പെരുമ്പുഴ പി.ഒ | പലചരക്ക് വിൽപ്പന | |
| 5 | VIII/56C to 56H | എ.നൂറുദ്ദീൻ | ലൂബിന മൻസിൽ പള്ളിത്തോട്ടം, കൊല്ലം | കശുവണ്ടി സംസ്കരണം | |
| 6 | I/723 | അരുൾരാജ് | അരുണിമ ഭവനം, ഭാവന നഗർ 129, കടപ്പാക്കട | ഡീസൽ വാഹനങ്ങളുടെ ടർബോസർവീസ് & റിപ്പയറിംഗ് | 1.5HP |

| | | | | | |
|---|---|---|---|---|---|
| 7 | IX/260 | സുബ്രമണ്യൻ | സിജി ഭവനം | പലചരക്ക് വ്യാപാരം | |
| 8 | XVIII/356 | രഞ്ജു | രഞ്ജുഭവനം, പുനക്കന്നൂർ, ചിറയടി പെരുമ്പുഴ പി.ഒ | മുറുക്കാൻ കട | |
| 9 | XII/740B | പെരുമ്പുഴ ഗ്രാമോദ്ധാരണ സർവീസ് ബാങ്ക് | പെരുമ്പുഴ | വളം ഡിപ്പോ | |
| 10 | VII/7<br>83A to G | റജിയത്ത് | ലൂബിന മൻസിൽ, പള്ളിത്തോട്ടം, കൊല്ലം | കശുവണ്ടി സംസ്കരണം | |
| 11 | XV/1492 | സുരേഷ് കുമാർ | പടിഞ്ഞാറ്റേവിള വീട്, പെരുമ്പുഴ | മെക്കാനിക്കൽ പെയിന്റിംഗ്, ബോഡി വർക്ക് പെയിന്റിംഗ് | 1.5HP |
| 12 | I/845 | ചിത്രാ ഗോപിനാഥ് | ചിത്രാഭവൻ, പുനക്കന്നൂർ, പെരുമ്പുഴ | ഡാൻസ് കോസ്റ്റ്യൂമ്സ് വിൽപ്പന | |
| 13 | III/255 | രാജലക്ഷ്മി.ടി.ഡി | ശ്രീനാരായണ ഭവൻ, പെരുമ്പുഴ.പി.ഒ, കുണ്ടറ | ഹോമിയോ ക്ലിനിക് | |
| 14 | III/629 | ഷഫീൻ | സനോഫർ മൻസിൽ, പെരിനാട് | റെഡിമെയ്ഡ് ഷോപ്പ് | |
| 15 | XV/898 | വിപിൻ കുമാർ | ലളിത ഭവൻ, ശാന്തി നഗർ, കണ്ടോന്റ്മെന്റ് നോർത്ത് | സ്വർണ പണയത്തിൽ ലോൺ കൊടുക്കാൻ | |
| 16 | XII/642 | അജയ് | അരുൺ നിവാസ് പെരുമ്പുഴ | വസ്ത്ര വ്യാപാരം | |
| 17 | VII/468A | ഷെഫീക്ക് | കോടിയാട്ട് പുത്തൻ വീട്, കരീപ്പള്ളി | പലചരക്ക് വ്യാപാരം | |

| | | | | | |
|---|---|---|---|---|---|
| 18 | XI/776 | ജോൺസൺ | ചരുവിള പുത്തൻ ബംഗ്ലാവ്, പുനക്കന്നൂർ | സ്റ്റേഷനറി വ്യാപാരം | |
| 19 | II/794 | രാജീവ്. ടി.ജി | താന്നിവിള വീട്, മങ്ങാട് പി.ഒ | കശുവണ്ടി വ്യാപാരം | |
| 20 | XII/694 | രാജു എബ്രഹാം | മന ഭവൻ, പുനക്കന്നൂർ, പെരുമ്പുഴ | സ്റ്റേഷനറി വ്യാപാരം | |
| 21 | X/778 | സുരേന്ദ്രൻ | ആതുൾ കളരിക്കൽ, വെള്ളറിക്കാട് പി.ഒ, തൃശ്ശൂർ | പപ്പട നിർമ്മാണം | |
| 22 | XIV/411E | എബ്രഹാം സക്കറിയ | മരുതയാത്ത് സക്കറിയ മെമ്മോറിയൽ ഡെന്റൽ ക്ലിനിക്, പള്ളിമുക്ക് | ഡെന്റൽ ക്ലിനിക് | 75HP |
| 23 | III/353 | അനിൽ കുമാർ | കാഞ്ഞിരം തുണ്ടിൽ വീട്, കുണ്ടറ പി.ഒ | മെറ്റൽ സ്റ്റോർ | |
| 24 | IV/402 | കെ.ജി.കോശി | കളിയ്ക്കൽ വീട്, എഴുകോൺ പി.ഒ | കാന്റീൻ | |
| 25 | X/376 | ലളിതാ രാധാകൃഷ്ണൻ | ചെഞ്ചേരി ഹൗസ്, തൃശ്ശൂർ | സോപ്പ്, ചന്ദനത്തിരി, സോഫ്റ്റ് ഡ്രിംഗ്സ് എന്നിവ സ്റ്റോക്ക് ചെയ്യാൻ | |
| 26 | VIII/106C | മാരിയപ്പൻ.സി | ദി രാംകൊ സിമന്റ് ലിമിറ്റഡ്, പത്മാ ജംഗ്ഷൻ, എറണാകുളം | രാംകൊ സിമന്റ് സ്റ്റോക്ക് ചെയ്ത് വിതരണം | |
| 27 | IV/451 | അജിത്ത് .എസ്സ് | അനൂപ് നിവാസ്, കല്ലുവിളക്കട, | മാലിന്യ സംസ്കരണ ഉപകരണങ്ങളുടെ | |

| | | | | | |
|---|---|---|---|---|---|
| | | | അമ്പിപൊയ്ക | സംഭരണം | |
| 28 | XV/992 | മനോജ്.പി.എം | വിളയിൽ പുരയിടം ഇളമ്പള്ളൂർ | പപ്പടം വിപണനം | |
| 29 | III/230 | ജൂലി കുര്യൻ | പ്ലാവിള കളിയ്ക്കൽ പുത്തൻവീട്, കുണ്ടറ | ടയർ വ്യാപാരം | |
| 30 | III/607 | ശശിധരൻ പിള്ള | യുണൈറ്റഡ് എഞ്ചിനിയറിംഗ്, ഇളമ്പള്ളൂർ | എഞ്ചിനിയറിംഗ് വർക്ക്സ് | 2HP |
| 31 | XIV/75A | ജോസ്.കെ.സി | കടയയ്യത്ത് പുത്തൻവീട്, അമ്പിപൊയ്ക | പലചരക്ക് വ്യാപാരം | |
| 32 | XV/650R | മറിയാമ്മ റോയ് | റോസ് ബംഗ്ലാവ്, ചീരങ്കാവ്, കുണ്ടറ | സ്റ്റേഷനറി കട | |
| 33 | VIII/628 | സദാശിവൻ.സി | ഷീബാഭവൻ, കോണത്ത്, പൂയപ്പള്ളി | ബേക്കറി സാധനങ്ങൾ ഉൽപ്പാദനം | 3HP |
| 34 | VI/362 | രാധാകൃഷ്ണ പിള്ള | മങ്കാട്ട് വീട്, അമ്പിപൊയ്ക | കശുവണ്ടി വ്യാപാരം | |
| 35 | IX/269 | സഞ്ജീവ് | പാറ്റൂർ വീട്, പെരുമ്പുഴ | മുറുക്കാൻ കട | |
| 36 | III/357 | കുര്യാക്കോസ് | ചിറയിൽ പുത്തൻവീട്, നാന്തിരിക്കൽ, കുണ്ടറ | അരി വ്യാപാരം | |
| 37 | IX/722A | സുരേഷ് ബാബു | സുരഭി, പെരുമ്പുഴ പി.ഒ | വസ്ത്ര വ്യാപാരം | |
| 38 | III/500 | ഷംസുദ്ദീൻ | സംസം മൻസിൽ ഇളമ്പള്ളൂർ | പച്ചക്കറി വ്യാപാരം | |

| | | | | | |
|---|---|---|---|---|---|
| 39 | XII/658 | ഹനീഫ | പൂത്തൻ വിള വീട്, കരീപ്പള്ളി, പെരുമ്പുഴ | വസ്ത്ര വ്യാപാരം | |
| 40 | XVII/148 | സിന്ധു | അനിൽ ഭവനം, പെരുമ്പുഴ താഴം, പെരുമ്പുഴ പി.ഒ | ബ്യൂട്ടി പാർലർ | |
| 41 | XII-624 | രംഭുലാൽ | മായാവിലാസം, കിടവൂർ, മുഖത്തല | ആയുർവേദ മരുന്നു സംഭരണം | |
| 42 | XV/364,364A | യേശുദാസൻ | ചാക്കോഡെയിൽ, നീണ്ടകര | മത്സ്യ കച്ചവടം | |
| 43 | XI/1046H | ഷിഹാബുദ്ദീൻ | തെങ്ങുവിള വീട്, കരീപ്പള്ളി പെരുമ്പുഴ പി.ഒ | ബിസ്മി ടെക്സ്റ്റയിൽസ് | |
| 44 | VII/593 | സുബ്രമണി | ഹരിഹര വിനായക കോവിൽ,തെങ്കാശി | ബാർബർ ഷാപ്പ് | |
| 45 | VII/666 | ഗീവർഗ്ഗീസ് | പൊയ്കയിൽ ശോഭാ നിവാസ് | എഞ്ചിനിയറിംഗ് വർക്സ് | 10HP |
| 46 | III/781 | ജയ ഭാസ്കർ | സിന്ധു ഭവൻ, ചോതി ബിൽഡേഴ്സ് | മൊബൈൽ ഫോൺ ബിസിനസ് | |
| 47 | VIII/329B | ബിജു | ദിവ്യാഭവൻ, മാമ്പുഴ | കമ്പ്യൂട്ടർ പഠനം | |
| 48 | XII/859B | സൈമൺ | ബിജു ഭവൻ, പെരുമ്പുഴ പി.ഒ | വുഡ് പ്ലൈനിംഗ് സ്ഥാപനം | |
| 49 | XII/912,913 | അലിയാരു കുഞ്ഞ് | പുത്തൻവിള കിഴക്കതിൽ, ഇളമ്പള്ളൂർ, കുണ്ടറ | സ്റ്റേഷനറി വ്യാപാരം | |

| | | | | | |
|---|---|---|---|---|---|
| 50 | XVII/55 | സുധീഷ് | സുധീഷ് ഭവൻ, പെരുമ്പുഴ പി.ഒ | ഹോട്ടൽ | |
| 51 | III/784 | മോഹൻദാസ് | കുന്നവിള താഴതിൽ, പവിത്രേശ്വരം | പെയിന്റ് വ്യാപാരം | |

മേൽ അപേക്ഷകളിൻമേൽ പ്രാഥമിക നടപടികൾ പോലും എടുക്കുന്നതിന് ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥൻ താൽപര്യം കാണിച്ചിട്ടില്ല. അപേക്ഷകൾ കുറിപ്പെഴുതി മേലധികാരികൾക്ക് സമർപ്പിട്ടില്ല. അത്രയും സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് കളമൊരുക്കിയത് സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും മേൽനോട്ട ചുമതല വഹിച്ച സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങി നൽകേണ്ടതാണ്. കൂടാതെ ഇതുമൂലമുണ്ടായ സാമ്പത്തിക നഷ്ടം ടി ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-2 ലൈസൻസ് ഫീസിനോടൊപ്പം ഈടാക്കേണ്ട മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല -പഞ്ചായത്തിന് നഷ്ടം 1575/- രൂപ

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനോടൊപ്പം ഈടാക്കേണ്ട മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണംനംപർ – 8/25.11.16).

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് | മേൽവിലാസം | സ്ഥാപനത്തിന്റെ സ്വഭാവം | യന്ത്രത്തിന്റെ H.P | ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | II/5688 | ഷാനവാസ്.എ | പുത്തൻവിള വീട്, ഇളമ്പള്ളൂർ, കുണ്ടറ പി.ഒ | പൈപ്പും ഫിറ്റിങ്സും സ്റ്റോക്ക് ചെയ്ത് വിൽപ്പന | 4H.P | 75 |
| 2 | III/1039 | സാം.പി.ജെ | ഇളമ്പള്ളൂർ | ലേസർ പ്രിന്റിംഗ് ഫോട്ടോസ്റ്റാറ്റ് | 1 H.P | 75 |
| 3 | III/3209 | അനിതാ അജികുമാർ | കട്ടഴികത്ത് വീട്, വടക്കേവിളപി.ഒ, കൊല്ലം | ബേക്കറി യൂണിറ്റ് | 1 H.P | 75 |
| 4 | VIII/3579 | അശോക് കുമാർ | അരുൺ ഭവൻ, പെരുമ്പുഴ.പി.ഒ, കൊല്ലം | അപ്പോൾസ്റ്ററി വർക്സ് | 1 H.P | 75 |

| | | | | | | |
|---|---|---|---|---|---|---|
| 5 | IX/733 | രാജേന്ദ്രൻ | രാജ്ജ ഭവൻ, പെരുമ്പുഴ | വെൽഡിംഗ് വർക്ക് ഷോപ്പ് | 5 H.P | 75 |
| 6 | IX/1167(A) | സെക്രട്ടറി | തേജസ്സ് ന്യട്രിമിക്സ്, പെരുമ്പുഴ.പി.ഒ | ന്യട്രിമിക്സ് നിർമ്മാണ യൂണിറ്റ് | 10H.P | 150 |
| 7 | IX/1167(B) | സെക്രട്ടറി | ഐക്യം ന്യട്രിമിക്സ്, പെരുമ്പുഴ.പി.ഒ | ന്യട്രിമിക്സ് നിർമ്മാണ യൂണിറ്റ് | 10H.P | 150 |
| 8 | IX/1167(A) | സെക്രട്ടറി | ഫൈവ് സ്റ്റാർ ന്യട്രിമിക്സ്, പെരുമ്പുഴ.പി.ഒ | ന്യട്രിമിക്സ് നിർമ്മാണ യൂണിറ്റ് | 10H.P | 150 |
| 9 | IX/951 | സാമുവൽകുട്ടി | ഹോളി മാതാ കാഷ്യു കമ്പനി, പെരുമ്പുഴ | കശുവണ്ടി ഫാക്ടറി | 12 H.P | 300 |
| 10 | IX/5709 | ശിവപ്രസാദ് | ശിവമംഗലത്ത് വീട്, പെരുമ്പുഴ | മരപ്പണി | 3 H.P | 75 |
| 11 | IX/616 | പി.ജി.അന്നമ്മ | എ.ജി.ഫ്യൂവൽസ്, അറപ്പുര പുത്തൻവീട്, പെരുമ്പുഴ | പെട്രോൾ പമ്പ് | 4 H.P | 75 |
| 12 | XII/710 | സലാഹുദ്ദീൻ | സഹാലമൻസിൽ, മുഖത്തല പി.ഒ, കൊല്ലം | ഹോളോ ബ്രിക്സ് നിർമ്മാണം | 10 H.P | 150 |
| 13 | XII | അരുൺ അർജ്ജുൻ | അരുൺനിവാസ്, കേരളപുരം | തടി ഉരുപ്പടികൾ നിർമ്മാണം | 4.5H.P | 75 |
| 14 | XX | ഷാജിമോൻ | തെക്കേപ്പണ വീട്, പെരുമ്പുഴ.പി.ഒ | ടയർ വ്യാപാരം | 2H.P | 75 |

ടി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട മോട്ടോർ ഫീസ് പലിശ സഹിതം ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

**2-3** കമ്മ്യൂണിറ്റി ഹാൾ വാടക അക്കൗണ്ടിൽ ഒടുക്കിയതിൽ കുറവ്-നഷ്ടം **1000/-**രൂപ

ശ്രീമതി.ഷിനിമോൾ, ചാരുവിള പുത്തൻവീട് എന്ന വ്യക്തിക്ക് കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകിയിരിക്കുന്നത് രജിസ്റ്റർ പ്രകാരം 16300/- രൂപയ്ക്ക് ആണ്. എന്നാൽ 28/11/2015 ലെ ഡേബുക്കിലെ 1150210558 1ാം നമ്പർ രസീതു പ്രകാരം 15300/-രൂപ മാത്രമെ ഒടുക്കിയിട്ടുള്ളു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/26.11.16) മറുപടി ലഭിച്ചില്ല. വാടക രജിസ്റ്റർ പ്രകാരം ഒടുക്കാൻ ബാക്കിയുള്ള 1000/-രൂപ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പരിശോധന -അപാകതകൾ

1.തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന രസീത് നമ്പരുകളിൽ പിഴവുകൾ

താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും രേഖപ്പെടുത്തിയിരിക്കുന്ന രസീത് നമ്പർ പ്രകാരമുള്ള തുകയും തമ്മിൽ താഴെ പറയുന്ന രീതിയിൽ പൊരുത്തക്കേടുകൾ കാണുന്നു.

| സ്ഥാപനം | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | രസീത് നമ്പർ പ്രകാരമുള്ള തുക | രസീത് നമ്പർ |
|---|---|---|---|
| ഇ.എസ്സ്.ഐ.ഡിസ്പെൻസറി, കേരളപുരം | 17250 | 4750 | 11502103232 |
| കെ.മേരിക്കുട്ടി<br>റീനമ്മജോൺ<br>ഷെറീന ബീവി<br>(എൻ.എസ്സ്.എസ്സ്. യു.പി.എസ്സ്. പുനുക്കന്നൂർ) | 3750 | 10000 | 11502103344 |
| എസ്സ്.ആർ.വി. എൽ.പി.എസ്സ് | 11250 | 10 | 11502103849 |
| കെ.ജി.വി. ഗവ. യു.പി.എസ്സ്. കുണ്ടറ | 7500 | 8100 | 11502103562 |
| പോപ്പുലർ ഫിനാൻസ്, കുണ്ടറ | 3500 | 2200 | 11502103555 |

| | | | |
|---|---|---|---|
| കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 9750 | 2350 | 11502104301 |
| എസ്സ്.ബ്.ടി.കുണ്ടറ | 7500 | 10000 | 11502103344 |
| യുണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | 11000 | 120 | 11502103845 |

ഇപ്രകാരം വ്യത്യാസം വന്നതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം നംപർ 13/ 29.11.16 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി രജിസ്റ്ററും ഡേ ബുക്കുകളും പരിശോധിച്ച് തുക ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

2.തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് നഷ്ടപ്പെട്ടിരിക്കുന്നു

തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇ.എസ്സ്.ഐ. ഡിസ്പെൻസറി കേരളപുരം, ഇ.എസ്സ്.ഐ. ഡിസ്പെൻസറി കുണ്ടറ എന്നീ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. രണ്ടു സ്ഥാപനങ്ങൾക്കും ഒരേ രസീതു നമ്പർ നൽകി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടതിനാൽ ടി സ്ഥാപനങ്ങൾ സന്ദർശിച്ച് അവിടെ നിന്നും സ്റ്റേറ്റ്മെന്റുകളുടെ പകർപ്പുകൾ എടുത്ത് പരിശോധിക്കുകയാണ് ചെയ്തത്.

3.സ്ഥാപനതൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല

സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ചില ബാങ്കുകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയത് ഡേ ബുക്കിൽ വരവു വന്നിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ എത്ര സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്, എത്ര സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുണ്ട് തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

4.തൊഴിൽനികുതി രജിസ്റ്റർ അപൂർണം

തൊഴിൽ നികുതി ഒടുക്കിയ പല സ്ഥാപനങ്ങളുടെയും വിവരങ്ങൾ തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സർവീസ് കോപ്പറേറ്റീവ് ബാങ്ക് പുനക്കന്നൂർ എന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് ഉണ്ട്. എന്നാൽ സ്ഥാപനം തൊഴിൽ നികുതി ഒടുക്കിയതിന്റെ രസീത് നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ആയത് പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിച്ച് തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-5 <u>രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽനികുതി ഒടുക്കിയിട്ടില്ല.</u>

താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

1.പോപ്പുലർ ഫിനാൻസ്, പള്ളിമുക്ക്

2.കെ.എസ്സ്.എഫ്.ഇ, കുണ്ടറ

3.മുത്തൂറ്റ് ഫിനാൻസ്, പെരുമ്പുഴ

4.സിൻഡിക്കേറ്റ് ബാങ്ക്

5.ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്

6.മുത്തൂറ്റ്മിനി, പെരുമ്പുഴ

7.ഇ.എസ്സ്.ഐ., ബ്രാഞ്ച്ഓഫീസ്, പെരുമ്പുഴ

8.ഗ്രാമോദ്ധാരണ ബാങ്ക്, പെരുമ്പുഴ

9.സർവീസ് കോപ്പറേറ്റീവ് ബാങ്ക്, പെരുമ്പുഴ

10.Capex, പെരുമ്പുഴ

11.കെ.എസ്സ്.സി.ഡി.സി ഫാക്ടറി നമ്പർ 20

12.അസ്സീസ്സ് അറ്റോൺമെന്റ് പെരുമ്പുഴ

13.അസ്സി.എഞ്ചിനിയർ, കെ.എസ്സ്.ഇ.ബി, പെരുമ്പുഴ

14.മാവേലി സ്റ്റോർ, പെരുമ്പുഴ

15.ബിവറേജസ് കോർപ്പറേഷൻ, കുണ്ടറ

16.എൽ.എം.എസ്സ്. സി.എസ്സ്.ഐ നഴ്സിംഗ് സ്കൂൾ

17.സൺ ഫുഡ് കോർപ്പറേഷൻ

18.മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്

19.ഓറിയെന്റൽ ഇൻഷ്വറൻസ്

20.തമ്പുരാൻ ഫിനാൻസ്

21.നെടിയവിള ഫിനാൻസ്

22.അർച്ചന ഗോൾഡ് ലോൺ

23.ധന്യ സൂപ്പർ മാർക്കറ്റ്, കുണ്ടറ

മേൽ സ്ഥാപനങ്ങളിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നംപർ 13/29.11.16).

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഐ.എ.വൈ-വിഹിതം നൽകൽ - വിനിയോഗ രേഖ ഹാജരാക്കിയില്ല.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ ഐ.എ.വൈ-വിഹിതം നൽകൽ (S0003/16, S0028/2016), ഐ.എ.വൈ ഭവന പദ്ധതി - സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ പലിശ തിരിച്ചടവ് (S0211/16) എന്നീ പദ്ധതികൾക്കായി താഴെപ്പറയും പ്രകാരം 43,20,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മുഖത്തല പേർക്ക് നല്കി.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്/ നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ട് | ബിൽ നമ്പർ / ചെക്ക് നമ്പർ തീയതി | തുക | തുക നല്കിയതിന്റെ വിവരം |
|---|---|---|---|---|---|
| 1.. | ഐ.എ.വൈ ഭവന പദ്ധതി (S003/16) | വികസനഫണ്ട് | 4/15-16/ 20.8.15 | 8,20,000 | DD No. 860812/ |

| | | | | | |
|---|---|---|---|---|---|
| | സെക്രട്ടറി | പൊതു വിഭാഗം സാധാരണ വിഹിതം | | | 15.09.2015 |
| 2. | ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം (SO207/16)<br>അസിസ്റ്റന്റ് സെക്രട്ടറി | വികസനഫണ്ട് (പ്രത്യേക ഘടക പദ്ധതി) - 10,00,000 | 8/15-16/ 30.9.2015<br>31/15-16/ 17.3.2016 | 8,00,000<br>2,00,000 | DD No. 681168/ 5.10.2015<br>DD No. 297285/ 19.3.2016 |
| 3. | ഐ.എ.വൈ ഭവന പദ്ധതി - സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ പലിശ തിരിച്ചടവ് (So211/16)<br>സെക്രട്ടറി | വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) | 30/15-16/ 31.3.16 | 25,00,000 | DD No. 554278/ 4.4.2016 |
| | ആകെ | | | 43,20,000 | |

എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഐ.എ.വൈ.-ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിച്ച 43,20,000/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണത്തിനുള്ള(നമ്പർ 9/ 25.11.2016, 11 / 29.11.16) മറുപടിയിൽ വിനിയോഗ രേഖ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാങ്ങി ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ രേഖ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-2 കുഴൽ കിണർ നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പദ്ധതി നമ്പർ - SO74/16

അടങ്കൽ - 3,00,000 /- രൂപ (വികസന ഫണ്ട്- പ്രത്യേക ഘടക പദ്ധതി വിഹിതം)

നിർവ്വഹണോദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

കുഴൽ കിണർ നിർമ്മിച്ചതോടൊപ്പം അനുബന്ധ സൗകര്യങ്ങളൊരുക്കാത്തതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെട്ടില്ല.

പുനക്കന്നൂർ സെറ്റിൽമെന്റ് കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ 6.7.2015 ലെ GKT/730/15 ാം നമ്പർ എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ട പ്രകാരം 188448/- രൂപ ഒടുക്കി(ബിൽ. നം. 23/15-16/28.1.16, ഡി.ഡി. നം. 295571/25.1.2016). കുഴൽകിണർ നിർമ്മാണ വേളയിലുണ്ടായ പ്രത്യേക സാഹചര്യം മൂലം ആദ്യം തുടങ്ങിയ കുഴൽ കിണർ നിർമ്മാണം 42 മീറ്ററിൽ നിർത്തി മറ്റൊരു പോയിന്റിലേക്ക് മാറ്റി 150 മീറ്റർ ആഴത്തിൽ 6 ഇഞ്ച് കുഴൽ കിണർ നിർമ്മിക്കുകയും 266600/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ബാക്കി നല്കേണ്ട 78152/- രൂപ നല്കുകയും ചെയ്തു( ബിൽ നം. 36/15 -16/28.3.2016, ഡി.ഡി നം. 297520/30.03.2016) ഗ്രാമപഞ്ചായത്തിന്റെ 26.3.2016 ലെ IV (1) തീരുമാന പ്രകാരമാണ് തുക നല്കിയത്. വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ 19-ാം വാർഡിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട

കോളനി നിവാസികൾക്ക് അടിയന്തിരമായി കുടിവെള്ളം ലഭ്യമാക്കേണ്ട സാഹചര്യമുണ്ടായതിനാൽ ബാലൻസ് തുകയായ 78152/- രൂപ കൂടി നല്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയാണുണ്ടായത്. എന്നാൽ തുക നല്കി ആറു മാസങ്ങൾക്ക് ശേഷം 26.11.2016 ൽ നടത്തിയ സ്ഥല പരിശോധനയിൽ കുഴൽ കിണർ നിർമ്മിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല എന്ന് കാണാൻ കഴിഞ്ഞു. കുഴൽ കിണറിനോടൊപ്പം ആവശ്യമായ പമ്പ് ഹൗസ്, കുടിവെള്ളം കോളനിയിലെ വിവിധ ഭാഗങ്ങളിലെത്തിക്കുന്നതിനുള്ള പമ്പിംഗ് ലൈൻ എന്നിവയൊന്നും സ്ഥാപിച്ചിട്ടില്ല. വൈദ്യുതി കണക്ഷനും നല്കിയിട്ടില്ല. ഈ പ്രദേശത്തുള്ള പൊതു കിണറിലും വെള്ളമില്ലാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. വേനൽക്കാലത്ത് കുടിവെള്ള പ്രശ്നം അതിരൂക്ഷമാകുമെന്ന അവസ്ഥ മുൻകൂട്ടി കണ്ട് കുഴൽ കിണർ നിർമ്മാണത്തോടൊപ്പം തൻ വർഷം തന്നെ അനുബന്ധ സൗകര്യങ്ങളൊരുക്കാനും പദ്ധതി തയ്യാറാക്കേണ്ടതായിരുന്നു. പദ്ധതികൾ തയ്യാറാക്കുമ്പോൾ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള തുകയും വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. കുഴൽ കിണറിന് അനുബന്ധ സൗകര്യങ്ങളൊരുക്കി കോളനിയിലെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പുനുക്കന്നൂർ സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതി - പദ്ധതി നടപ്പിലാക്കിയില്ല

പദ്ധതി നംപർ - SO207/16

അടങ്കൽ - 733099/-രൂപ(വികസന ഫണ്ട് പ്രത്യേക ഘടക പദ്ധതി വിഹിതം)

നിർവ്വഹണോദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയിട്ടും കുടിവെള്ള പദ്ധതി നടപ്പാക്കിയില്ല.

പുനുക്കന്നൂർ ചിറ മുതൽ പുനുക്കന്നൂർ സെറ്റിൽമെന്റ് കോളനി ഉന്നതതല ജലസംഭരണി വരെ പമ്പിംഗ് മെയിൻ ഇടുന്നതിനായി കേരള വാട്ടർ അതോറിറ്റി 20.3.2014 ലെ നം. ഡിബി1/പി.എച്ച്ഡി.എൻ.കെ.റ്റി.കെ ആർ 151- ാം നമ്പർ കത്ത് പ്രകാരം 3369349/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും 2014 -15 ൽ പഞ്ചായത്ത് വിഹിതമായി 525000/- രൂപ നല്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1425000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 686250/- രൂപയും കിഴിച്ച് ബാക്കി 733099/- രൂപ അടവാക്കണമെന്ന കേരള വാട്ടർ അതോറിറ്റിയുടെ 19.3.2016ലെ നം. ഡിബി1/ പി.എച്ച്ഡി.എൻകെ.റ്റി.കെ ആർ 151- ാം നമ്പർ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ട് പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്നും 733099/- രൂപ പിൻവലിച്ച് (ബിൽ നം. 32/15-16/17.3.2016) എക്സിക്യൂട്ടീവ് എൻജിനീയർ, വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ കൊല്ലം പേർക്ക് നല്കി(ഡി.ഡി. നം. 297780 /19.3.2016). പ്രസ്തുത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. 26.11.2016 ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തി നടപ്പിലാക്കിയില്ല എന്ന് ബോധ്യപ്പെട്ടു. പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള(നം. 9/25.11.2016) മറുപടിയായി ടെണ്ടർ നടപടികളായതായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകും വരെ തൻവർഷ ചെലവ് തുക 733099/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ രേഖ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 3-4 അംഗൻവാടിയ്ക്ക് വാങ്ങിയ ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ ആർജ്ജിച്ച എല്ലാ ആസ്തികളും ഉൾപ്പെടുത്തിയിട്ടില്ല.

11-ാംവാർഡിൽ 20-ാം നമ്പർ അംഗൻവാടിയ്ക്കായി വാങ്ങിയ 3 സെന്റ് വസ്തുവും, 4- ാം വാർഡിൽ 5ാം നമ്പർ അംഗൻവാടിയ്ക്കായി വാങ്ങിയ 3 സെന്റ് വസ്തുവും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഫണ്ട് | ചെക്ക് നമ്പർ/ തീയതി | തുക (രൂപ) |
|---|---|---|---|---|
| 1 | 11- ാം വാർഡിൽ 20 ാം നമ്പർ അംഗൻവാടിയ്ക്ക് ഭൂമി വാങ്ങൽ<br>S0023/16<br>നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി | തനത് ഫണ്ട് | 1530118/12.10.15 | 1,50,000 |
| 2. | 4- ാം വാർഡിൽ 5ാം നമ്പർ അംഗൻവാടിയ്ക്ക് ഭൂമി വാങ്ങൽ<br>S0212/16<br>നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി | തനത് ഫണ്ട് | 056676/8,5.15 | 1,50,000 |

അംഗൻവാടികൾക്കായി വാങ്ങിയ ഭൂമി അസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/ 29.11.2016) മറുപടിയായി പുതിയ സെർവർ ഇൻസ്റ്റാൾ ചെയ്തതിന് ശേഷം സചിത്ര സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല എന്നും, ആയത് അപ്ഡേഷൻ നടത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എല്ലാ ആസ്തികളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

**3-5** ആട്ടുവളർത്തൽ - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.

പദ്ധതി - ആട്ടുവളർത്തൽ -പട്ടികജാതി(വനിത) (SOO 61/ 16)

അടങ്കൽ - 8,40,000/-രൂപ –
വികസന ഫണ്ട്(എസ്.സി.പി) -630000/-രൂപ
ഗുണഭോക്തൃ വിഹിതം - 210000/-രൂപ(സ്ഥാപനത്തിലടയ്ക്കുന്നത് )

ചെലവ് തുക - 225000 /-രൂപ

ബിൽ നം./ തുക – 2/15-16 /18.2.2016 -168750 /- രൂപ

ചെക്ക് നം/ തുക – 792230/17.2.2016 – 56250 /-രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 56 പട്ടികജാതി വനിതാ ഗുണഭോക്താക്കൾക്ക് 5000/-രൂപ വില വരുന്ന 3 മലബാറി പെണ്ണ് ആട്ടിൻ കുട്ടികളെ വീതം നല്കുന്നതിനും അതുവഴി വനിതകൾക്ക് സ്ഥിര വരുമാനവുമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. ഒരു ഗുണഭോക്താവിന് 11250/-രൂപ സബ്സിഡിയും ഗുണഭോക്തൃ വിഹിതമായി 3750/- രൂപയും ചേർത്ത് 15000/- രൂപയ്ക്ക് 3 ആടുകളെ വിതരണം ചെയ്യുന്നു. 15 ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ സമിതി വഴി ആടുകളെ വാങ്ങി വിതരണം ചെയ്തു. പ്രാദേശിക പരിശോധനയിൽ വിതരണം ചെയ്ത ആടുകളെ മിക്ക ഗുണഭോക്താക്കളും വിറ്റതായും ചില ആടുകൾ ചത്തു പോയതായും ഗുണഭോക്താക്കൾ അറിയിച്ചു. വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെപേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ശ്രീമതി. രമണി, രതീഷ് ഭവനം | ഒരാടിനെ പട്ടി പിടിച്ചു. രണ്ടെണ്ണത്തിനെ വിറ്റു. |
| 2 | ശ്രീമതി ഉഷാകുമാരി, വൈകുണ്ഠം, ആറാട്ടുപുഴ, വാർഡ് -10 | ആട്ടുകളെ വിറ്റു |
| 3 | ശ്രീമതി.തങ്കമ്മ, പ്രദീപ് ഭവനം,ആറാട്ടുപുഴ, വാർഡ് -10 | ഒന്നിനെ വിറ്റു. |
| 4 | ശ്രീമതി .ഉമ്മിണി, മംഗലത്ത് വടക്കതിൽ | ആട്ടുകളെ വിറ്റു |
| 5 | ശ്രീമതി.ഭാഗീരഥി, രാധാ സദനം, വാർഡ് -20 | ആട്ടുകളെ വിറ്റു |
| 6 | ശ്രീമതി.ബിന്ദു.സി.കെ, ചുടലവിള തെക്കതിൽ, പുനക്കന്നൂർ, പെരുമ്പുഴ | ആട്ടുകളെ വിറ്റു |
| 7 | ശ്രീമതി .ഭാർഗ്ഗവി | ആട്ടുകളെ വിറ്റു |

ആട്ടുകളെ 3 വർഷം വളർത്തുമെന്ന കരാർ വ്യവസ്ഥയിലാണ് നല്കിയത്. ആട്ടു വളർത്തലിൽ താല്പര്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലെ വീഴ്ച മൂലവും, കരാർ വ്യവസ്ഥ പാലിക്കാത്തവരിൽ നിന്നും കരാർ പ്രകാരം നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കാത്തതിനാലും വനിതകൾക്ക് സ്ഥിര വരുമാനം എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ ഫലപ്രദമായ തുടർ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 3-6 ഫ്രണ്ട് ഓഫീസിലേക്ക് വാങ്ങിയ ടി.വി നശിക്കപ്പെട്ടു - 20000/- രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം. 58/21.04.15

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ വരുന്ന പൊതു ജനങ്ങൾക്ക് കാണുന്നതിനായി 2015-16 വാങ്ങി സ്ഥാപിച്ച Haier LED 3237500 മോഡൽ ടിവി നശിച്ച അവസ്ഥയിൽ കാണപ്പെട്ടു. പ്രസ്തുത എൽ.ഇ.ഡി ടിവി സ്ഥാപിച്ചിട്ടുള്ളത് പഞ്ചായത്ത് വിട്ടു കൊടുത്ത ട്രഷറി ഓഫീസിനു മുൻപിലാണ്. ഫ്രണ്ട് ഓഫീസിലെ സേവനങ്ങൾക്കായി വരുന്ന പൊതു ജനങ്ങൾക്ക് പ്രസ്തുത ടിവി കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഇത്തരത്തിൽ ഫ്രണ്ട് ഓഫീസിലേക്ക് വാങ്ങിയ എൽ.ഇ.ഡി ടിവി ട്രഷറിയുടെ സ്ഥലത്ത് സ്ഥാപിച്ചതിന്റെയും, ആയത് നശിച്ചു പോകാനുള്ള കാരണവും ചോദിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(1/22.11.16) സെക്രട്ടറി വിശദീകരണം നല്കിയിട്ടില്ല. വിശദീകരണത്തിൻറെ അഭാവത്തിൽ ചെലവഴിച്ച 20,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. മതിയായ വിശദീകരണം നല്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് വേണ്ടി 2010 -16

വർഷങ്ങളിലേക്ക് രണ്ട് ഘട്ടമായി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ആശ്രയ പദ്ധതി ഒന്നാം ഘട്ടം 2010-2013 പ്രോജക്ട് ആരംഭിക്കുമ്പോൾ 54 ഗുണഭോക്താക്കൾക്കായി താഴെപ്പറയും പ്രകാരം തുക വകയിരുത്തിയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ഇനം | വകയിരുത്തിയ തുക | ചെലവ് | പ്രോജക്ട് പ്രകാരം ഗുണ-ഭോക്താക്കൾ | നാളിതുവരെ ആനുകൂല്യം ലഭിച്ചവർ |
|---|---|---|---|---|
| ഭൂമി | 624000 | 342500 | 33 | 17 |
| വീട് | 1575000 | 1110000 | 45` | 19 |
| വീട് അറ്റകുറ്റപ്പണി | 50000 | 15000 | 5 | 1 |
| കുടിവെള്ളം | 500000 | 110000 | 50 | 11 |
| കക്കൂസ് | 108000 | 2000 | 54 | 1 |
| കറണ്ട് | 48000 | 1000 | 50 | 1 |

ആശ്രയ പദ്ധതി രണ്ടാം ഘട്ടം 2013 - 2016 പ്രോജക്ട് ആരംഭിക്കുമ്പോൾ 118 ഗുണഭോക്താക്കൾക്കായി താഴെപ്പറയും പ്രകാരം തുക വകയിരുത്തിയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ഇനം | വകയിരുത്തൽ | ചെലവ് | പ്രോജക്ട്പ്രകാരം ഗുണഭോക്താക്കൾ | നാളിതുവരെ ആനുകൂല്യം ലഭിച്ചവർ |
|---|---|---|---|---|
| ഭൂമി | 750000 | - | 7 | 0 |
| വീട് | 12,00,000 | - | 5` | 1 |
| വീട് അറ്റകുറ്റപ്പണി | 250000 | 25000 | 9 | 1 |
| കുടിവെള്ളം | 140000 | - | 11 | 0 |
| കക്കൂസ് | 112000 | - | 16 | 1 |
| കറണ്ട് | 48000 | - | 18 | 0 |

രണ്ടാം ഘട്ടത്തിൽ ആശ്രയ പദ്ധതിയിൽ നിന്നും 25000/- രൂപ മാത്രമാണ് ചെലവഴിച്ചത്. മറ്റ് പദ്ധതികളിലൂടെയാണ് രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയത്.

രണ്ടാം ഘട്ടത്തിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയില്ല. ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പരമാവധി ആനുകൂല്യം ലഭ്യമാകത്തക്ക രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**3-8** <u>ഉപയോഗിക്കാത്ത തെരുവുവിളക്കുകളുടെ കറൻറ് ചാർജ്ജ്</u> **- 640500/-** <u>രൂപ തടസ്സപ്പെടുത്തുന്നു</u>

വൗച്ചർ നം. 21500006 തീ:04.04.15:

തുക – 156157/- രൂപ

2015-16 വർഷം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ കറൻറ് ചാർജ്ജ് ഒടുക്ക് പരിശോധിച്ചതിൽ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്കും കറൻറ് ചാർജ്ജ് ഒടുക്കിയിട്ടുള്ളതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക (രൂപ) |
|---|---|---|---|
| 40watt ordinary bulb | 875 | 61 | 51850 |

2015-16 വർഷം ആകെ 6540500/-രൂപ(61x875x12) സാധാരണ ബൾബുകൾ ഉപയോഗിച്ചതായി കണക്കാക്കി കെ.എസ്.ഇ.ബി ഡിമാൻറ് നോട്ടീസ് നല്കിയിട്ടുള്ളതും പഞ്ചായത്ത് ടി തുക ഒടുക്കിയിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 2/22.11.16 നല്കിയതിന് സെക്രട്ടറി മറുപടി നല്കിയിട്ടില്ല. കഴിഞ്ഞ രണ്ടു വർഷമായി തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികളിൽ സാധാരണ ബൾബ് ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്ക് പഞ്ചായത്തിൻ്റെ തനത് ഫണ്ടിൽ നിന്നും ലക്ഷങ്ങൾ ചെലവഴിക്കുന്ന നടപടി അംഗീകരിക്കത്തക്കതല്ല. സംയുക്ത പരിശോധന നടത്തി ബൾബുകരളുടെ എണ്ണം തിട്ടപ്പെടുത്തി തുക ക്രമീകരിച്ച വിവരം കെ.എസ്.ഇ.ബി. യിൽ നിന്ന് ലഭിക്കുന്നതുവരെ 2015-16 വർഷം തെരുവുവിളക്കുകളുടെ കറൻറ് ചാർജ്ജിനത്തിൽ സാധാരണ ബൾബുകൾക്കായി ഒടുക്കിയ 640500/-രൂപ തടസ്സപ്പെടുത്തുന്നു. സംയുക്ത പരിശോധനയ്ക്ക് കെ.എസ്.ഇ.ബി. സഹകരിക്കുന്നില്ലെങ്കിൽ പഞ്ചായത്ത് ഭരണസമിതി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-9** <u>പൊതുടാപ്പുകൾക്ക് വെള്ളകരം ഒടുക്ക്</u> **- 1113000/-**<u>രൂപ തടസ്സപ്പെടുത്തുന്നു</u>

2015-16 വർഷം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലെ 318 പൊതുടാപ്പുകൾക്ക് 1113000/-രൂപ പ്രകാരം സംയുക്ത പരിശോധന നടത്താതെ വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിയ്ക്കുന്ന ഡിമാൻ്റ് നോട്ടീസിൻ്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കിയിട്ടുള്ളത്. ഉപയോഗത്തിൽ ഉള്ളതും, ഇല്ലാത്തതുമായ എത്ര ടാപ്പുകൾ ഉണ്ടെന്ന് നാളിതുവരെയായി കണക്കെടുക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 2/22.11.16 നല്കിയതിന് സെക്രട്ടറി മറുപടി നല്കിയിട്ടില്ല. സംയുക്ത പരിശോധ നടത്തുന്നതിന് വാട്ടർ അതോറിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തി ഉപയോഗമുള്ള പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി ആയതിൻ പ്രകാരമുള്ള ബിൽ തുക ഒടുക്ക് വരുത്തുന്നത് വരെ 2015-16 വർഷം വെള്ളക്കരത്തിനായി ഒടുക്കിയ 1113000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 . വെൻറ് പൈപ്പ് വല സ്ഥാപിക്കൽ - തുക ചിലവഴിച്ചതിലെ അപാകതകൾ

വെൻറ് പൈപ്പ് വല സ്ഥാപിക്കൽ - തുക ചിലവഴിച്ചതിലെ അപാകതകൾ

പ്രോജക്റ്റ് നം. – 164/16(സ്പിൽ ഓവർ)

പ്രോജക്റ്റ് നം. - 48/16(പുതിയത്)
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി
പ്രോജക്റ്റ് നം. 48/16(തനതുഫണ്ട്)

തുക:
45000/-രൂപ (വല കെട്ടുന്നതിന് നല്കവാൻ വേണ്ടി)
ചെക്ക് നം.1530165/30.03.16

54995/-രൂപ (വല വാങ്ങുന്നതിന് നല്കവാൻ വേണ്ടി)
ചെക്ക് നം.1530158/20.03.16
പ്രോജക്റ്റ് നം.164/16
24995/- രൂപ (വലകെട്ടുന്നതിന് വേണ്ടി)
ചെക്ക് നം -1530121/20.10.15

2015-16 വർഷം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലെ വീടുകളിലെ കക്കൂസുകളിലെ വെൻറ്പൈപ്പ് വല കെട്ടുന്നതിനായി മേൽ പ്രോജക്റ്റ് പ്രകാരം തുക ചിലവഴിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ വല കെട്ടുന്നതിനായി തുക ചെലവഴിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

a) കണക്കില്ലാതെ വല വാങ്ങി - തുക തടസ്സപ്പെടുത്തുന്നു

ക്വട്ടേഷൻ പ്രകാരം10"x8",9"x6" എന്നീ അളവുകളുള്ള നെയ്ത്ത വലകളാണ് വാങ്ങി ഉപയോഗിച്ചിരിക്കുന്നത്.

പ്രോജക്റ്റ് നം.48/16 മൊത്തം 6568 വീടുകളിൽ 6666 എണ്ണം വലകളാണ് സ്ഥാപിച്ചിട്ടുള്ളത്. അതിൽ 5000 എണ്ണം10"x8" അളവിലെ വലകളാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 10"x8" അളവിലുള്ള എണ്ണമാണ് ആവശ്യമെന്നത് ആശാവർക്കർ- മാരുടെയോ ഡോക്ടറുടെയോ സർട്ടിഫിക്കറ്റ് ലഭ്യമല്ലായിരുന്നു. 10"x8"അളവുള്ള വലയ്ക്ക് 8.50 രൂപയും 9"x6"അളവുള്ള വലയ്ക്ക് 7.50 രൂപയുമാണ് വില. വല സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് നടത്തിയ ഭൗതിക പരിശോധനയിൽ കൂടുതലും ചെറിയ വെൻറ്പൈപ്പുകളിലാണ് വല സ്ഥാപിച്ചിട്ടുള്ളത്. വെൻറ്പൈപ്പുകളുടെ അളവുകൾ സംബന്ധിച്ച് ആശാവർക്കർമാരെക്കൊണ്ട് കൃത്യമായി കണക്കെടുത്തിരുന്നെങ്കിൽ 9"x6"അളവിലെ വലകൾ കൂടുതൽ വാങ്ങി സ്ഥാപിക്കാൻ കഴിയുമായിരുന്നു. കണക്കില്ലാതെ വാങ്ങിയ വലകൾക്ക് നല്കിയ തുകയായ 54995/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

b)ആശാവർക്കർമാരെക്കൊണ്ട് വല സ്ഥാപിച്ചതിന് കരാറുകാരന് തുക നല്കി -69995/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം.48/16, 164/16 എന്നീ രണ്ട് പ്രോജക്ടുകളുടെയും വല സ്ഥാപിക്കുന്നതിന് 8/-രൂപ പ്രകാരം ശ്രീ.ബിജു.എ പുത്തൻ വീട്ടിൽ എന്ന വ്യക്തിക്കാണ് ക്വട്ടേഷൻ നല്കിയിട്ടുള്ളത്. ആശാവർക്കർമാരുട സാന്നിധ്യത്തിൽ വീട്ടുടമസ്ഥരാണ് വല സ്ഥാപിച്ച- തെന്നാണ് 29.11.16 ആശാവർക്കർമാരുടെയും, പിഎച്ച്സി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മഹേന്ദ്രന്റെയും സാന്നിധ്യത്തിൽ

നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം16/29.11.16) ശ്രീ.ബിജു പഞ്ചായത്തിലെ മുഴുവൻ ആശാവർക്കർമാരുടെയും സഹായത്താലാണ് വല സ്ഥാപിച്ചതെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയിട്ടുള്ളത്. സ്ഥല പരിശോധനയിൽ നിന്നും വല സ്ഥാപിച്ചത് വീട്ടുടമസ്ഥരാണെന്ന് മനസ്സിലാക്കുന്നു. വെൻറ് പൈപ്പിലെ വല സ്ഥാപിക്കുന്നതിന് 24995/- രൂപ സ്പിൽ ഓവർ ആയും 45000/- രൂപ പുതിയ പ്രോജക്ടിനുമായി ചെലവഴിച്ചിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു

24995/3130=7.98രൂപ (സ്പിൽ ഓവർ)

45000/6666=6.75രൂപ (പുതിയത്)

വെൻറ് പൈപ്പുകൾ സ്ഥാപിക്കാനുള്ള വല ആശാവർക്കർമാർ വീടുകളിൽ എത്തിച്ച് നല്കിയതിന് കരാറുകാരന് ഒരു വലയ്ക്ക് 7.98 രൂപയും 6.75രൂപ പ്രകാരവും നല്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ കരാറുകാരന് നല്കിയ 69995/-രൂപ(24995+45000) നിരാകരിക്കുന്നു.

c)വല സ്ഥാപിച്ചതിന് തുക നല്കിയത് ഓഫീസ് അറ്റന്റൻഡിന്

സ്പിൽ ഓവർ പ്രോജക്ടിലെ വല സ്ഥാപിക്കുന്നതിനായി ചെക്ക് നം . 891965/22.01.16 പ്രകാരം പി.എച്ച്.സി. യിലെ ഓഫീസ് അറ്റന്റഡ് ആയ സുൽബത്തിന്റെ പേർക്കാണ് 24995/-രൂപയുടെ ചെക്ക് മാറി നല്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം. 16/29.11.16) പിശക് സംഭവിച്ചതായിട്ടാണ് മറുപടി തന്നിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ബിജുവിന്റെ 24995/- രൂപയുടെ കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമാണ്. ഇത്തരത്തിലുള്ള വീഴ്ചകൾ നിർവ്വഹണോദ്യോഗസ്ഥന് സംഭവിച്ചിട്ടുണ്ട്.

d)വല സ്ഥാപിച്ചതിന് നല്കാനുള്ള തുക മാസങ്ങളോളം അക്കൗണ്ടിൽ സൂക്ഷിച്ചു.

പ്രോജക്ട് നം48/16 ലെ വല സ്ഥാപിക്കുന്നതിനു വേണ്ടി 30.03.16 നല്കിയ തനതു ഫണ്ടായ 45000/-രൂപ പിഎച്ച്സി കൊറ്റങ്കര മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിൽ(അക്കൗണ്ട് നം. 67221671878) 29.11.16 വരെ സൂക്ഷിച്ചതിന് ശേഷമാണ് ശ്രീ.ബിജുവിന്(കരാറുകാരൻ) ചെക്ക് നല്കിയിട്ടുള്ളത്. 6568 വീടുകളിലെ 6666 വെൻറ് പൈപ്പുകളിൽ വല സ്ഥാപിച്ചതിനാണ് തുക നല്കിയിട്ടുള്ളത്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ വാർഡ് തിരിച്ചുള്ള വല സ്ഥാപിച്ച കണക്കിൽ ഓരോ വീട്ടിലും എത്ര വെൻറ് പൈപ്പുകളിലാണ് വല സ്ഥാപിച്ചതെന്ന് മെഡിക്കൽ ഓഫീസറോ, ഹെൽത്ത് ഇൻസ്പെക്ടർമാരോ, ആശാവർക്കർമാരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വലകൾ പൂർണ്ണമായും സ്ഥാപിച്ചത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർ ഫയലിൽ എവിടെയും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഡ് തലത്തിൽ വലകൾ സ്ഥാപിച്ച മുഴുവൻ വീടുകളിലേയും വിവരങ്ങൾ പൂർണ്ണമായും ശേഖരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തി ബോധ്യപ്പെട്ടതിനു ശേഷമാണ് ചെക്ക് നല്കിയതെന്ന മറുപടി(ഓഡിറ്റ് എൻക്വയറി നം. 17/29.11.16) അംഗീകരിക്കുന്നില്ല. തുക ചെലവഴിക്കാതെ മാസങ്ങളോളം അക്കൗണ്ടിൽ സൂക്ഷിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം നടപടികൾ ഭാവിയിൽ ഉണ്ടാകാതെ പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ കൂടുതൽ ജാഗ്രത കാണിക്കേണ്ടതാണ്.

## 3-11 <u>കമ്മ്യൂണിറ്റി ഹാൾ പരിപാലനത്തിൽ വീഴ്ച</u>

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന് 2015-16 സാമ്പത്തികവർഷം 7.52 ലക്ഷം രൂപ വരവ് ലഭിച്ച കമ്മ്യൂണിറ്റിഹാൾ ശരിയായ സമയത്ത് മെയിന്റൻസ് നടത്താത്തതിന്റെയും പരിപാലനത്തിന്റെയും അഭാവത്തിൽ പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥയിലാണ്. 2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാമായി

കമ്മ്യൂണിറ്റി ഹാൾ സന്ദർശിച്ചപ്പോൾ കമ്മ്യൂണിറ്റി ഹാൾ ശരിയായ രീതിയിൽ പരിപാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചതായി കാണാൻ കഴിഞ്ഞു. കമ്മ്യൂണിറ്റി ഹാളിന്റെ മേൽക്കൂരയിൽ വലിയ രീതിയിൽ ചോർച്ച സംഭവിച്ചിരിക്കുന്നു. കല്യാണ പ്രോഗ്രാമുകൾക്ക് വേണ്ടി ഒരുക്കിയിട്ടുള്ള സ്റ്റേജിന് സമീപമുള്ള ടോയിലറ്റ് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിൽ പൂട്ടിയിട്ടിരിക്കുന്നു. ആയതിനാൽ പ്രോജക്ട് വച്ച് അടിയന്തിരമായി കമ്മ്യൂണിറ്റിഹാൾ മെയിൻറനൻസ് നടത്തി നവീകരിക്കേണ്ടതാണ്. കല്യാണ പ്രോഗ്രാമുകൾക്ക് നല്കുന്നതിനായി സ്റ്റോർ റൂമിൽ സൂക്ഷിച്ചിട്ടുള്ള വലിയ ചെമ്പ് പാത്രങ്ങൾ മുതൽ ചെറിയ സ്പൂൺ വരെയുള്ളതിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകമായി എഴുതി സൂക്ഷിച്ചിട്ടില്ല. 2014 വാങ്ങിയ 41 പാത്രങ്ങളുടെയും73 സ്റ്റീൽ ഡൈനിംഗ് ടേബിളിന്റയും 275 പ്ലാസ്റ്റിക് കസേരകളുടെയും, മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന പാത്രങ്ങളുടെയും കണക്കാണ് ഇത്തരത്തിൽ ഉത്തരവാദിത്തപ്പെട്ട സെക്ഷൻ എഴുതി സൂക്ഷിക്കാഞ്ഞത്. പ്ലാസ്റ്റിക് കസേരകളുടെ എണ്ണം കണക്കെടുത്തപ്പോൾ 273 കസേരകളും 71 സ്റ്റീൽ ഡൈനിംഗ് ടേബിളുകളും മാത്രമേ സെക്ഷൻ ചുമതലക്കാരന്റെ സാന്നിധ്യത്തിൽ കണ്ടെത്താൻ കഴിഞ്ഞുള്ളൂ. ആയതിനാൽ കമ്മ്യൂണിറ്റി ഹാളിൽ ഉപയോഗിക്കുന്ന മുഴുവൻ പാത്രങ്ങളുടെയും കസേരകളുടെയും, ഇലക്ട്രിക് ഐറ്റങ്ങളുടെയും സ്റ്റോക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ തയ്യാറാക്കി സാധനങ്ങളുടെ എണ്ണവും ഇനവും കൃത്യമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

<u>കമ്മ്യൂണിറ്റി ഹാളിലെ ഖരമാലിന്യ പ്രശ്നം</u>

കമ്മ്യൂണിറ്റിഹാളിൽ വച്ച് നടത്തുന്ന പ്രോഗ്രാമുകളിലെ ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാൻ പഞ്ചായത്ത് കണ്ടെത്തിയ രണ്ട് മാർഗ്ഗങ്ങളിൽ ഒരെണ്ണം പ്രവർത്തനമല്ലാത്തതും മറ്റൊന്ന് ഭാഗികമായി പ്രവർത്തിക്കുന്നതുമാണ്. ഖര മാലിന്യം സംസ്കരിക്കാൻ ലക്ഷ്യമാക്കിയുള്ള ബയോഗ്യാസ് പ്ലാൻറ് (8ലക്ഷം രൂപ മുടക്കി 2008-09 സ്ഥാപിച്ചത് ) കാടുകയറി മൂടപ്പെട്ട് നശിച്ച അവസ്ഥയിലാണ് കാണപ്പെടുന്നത്. പ്രോഗ്രാമുകൾ നടത്തുമ്പോൾ ഉണ്ടാകുന്ന ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാൻ പിന്നീട് 2014-15-ൽ സ്ഥാപിച്ച ഇൻസിനേറ്ററും ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂയെന്ന് പരിശോധനയിൽ കാണാൻ കഴിഞ്ഞു.

ബയോഗ്യാസ് പ്ലാൻറിന്റെ പ്രവർത്തനം ഇല്ലാത്തതിനാൽ ബാക്കി വരുന്ന ഭക്ഷണത്തിന്റെ അവശിഷ്ടം സംസ്കരിക്കാൻ തൊട്ട് ചേർന്നുള്ള പുരയിടത്തിലേക്ക് ഒഴുക്കുകയാണ് ചെയ്യുന്നത്. ഇൻസിനേറ്ററിന്റെ പുറത്ത് ചവറുകൾ കത്തിച്ചതിന്റെയും മറ്റു അവശിഷ്ടങ്ങൾ കാണാവുന്നതാണ്. ഭക്ഷണാവശിഷ്ടങ്ങൾ സ്വന്തം പുരയിടത്തിലേക്ക് നിക്ഷേപിക്കുന്നത് സംബന്ധിച്ച് തൊട്ട് ചേർന്ന പുരയിടക്കാരന്റെ ആക്ഷേപവും പഞ്ചായത്തിന് നല്കിയിട്ടുണ്ട്. ഇതിൽ നിന്നും ഇൻസിനേറ്റർ പൂർണ്ണമായും ഉപയോഗിക്കുന്നില്ല എന്ന് വിലയിരുത്തുന്നു. കമ്മ്യൂണിറ്റി ഹാളിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ സംസ്കരിക്കാൻ ബയോഗ്യാസ് പ്ലാൻറ് പ്രവർത്തന ക്ഷമമാക്കേണ്ടതും ഇൻസിനേറ്ററിൽ തന്നെ ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കുകയും ഇൻസിനേറ്ററിന് ചുറ്റും മൂടപ്പെട്ട മണ്ണും മറ്റവശിഷ്ടങ്ങളും നീക്കം ചെയ്തും ഇൻസിനേറ്ററിന്റെ പ്രവർത്തനം നല്ല രീതിയിൽ നടത്താനുള്ള നടപടി സ്വീകരിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-12 <u>സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ-**18725/-**രൂപ നിരാകരിക്കുന്നു</u>

പ്രോജക്ട് നമ്പർ - 78/16

ബിൽ നം. – 5/16.03.16

ഫണ്ടിനം – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ് മിസ്ട്രസ്, കെ.ജി.വി.ജി യു.പി.എസ്, ഇളമ്പള്ളൂർ

2015-16 വർഷം സ്കൂളുകളിലേക്ക് പീരിയോഡിക്കൽ സ്റ്റാന്റ് എന്ന പ്രോജക്ടിൽ steel cabinet with glass door അലമാരകൾ 7 എണ്ണം വാങ്ങി നല്കിയത് ഗവൺമെൻറ് അംഗീകൃത നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ്. എസ്.ആർ.വി.എൽ.പി.എസ് കുണ്ടറ(1 എണ്ണം), ജി.എൽ.പി.എസ്, പെരുമ്പുഴ(2എണ്ണം) കെ.ജി.വി.ജി.യു.പി.എസ്(4എണ്ണം) എന്നിങ്ങനെ മൂന്ന് സ്കൂളുകളിലേക്കാണ് സ്റ്റീൽ അലമാരകൾ വാങ്ങി നല്കിയിരിക്കുന്നത്. ബിൽ വിവരം താഴെ പറയുന്നു.

| എണ്ണം | നിരക്ക് | നികുതി 4.5% | വിതരണ ചാർജ് | അളവ് | ആകെ തുക | ഡിഡി നം./ തീയതി |
|---|---|---|---|---|---|---|
| 7 nos | 10374 | 10529 | 1200 | (198x90x48cm) | 84348 | 296945/17.3.15 |

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഉത്തരവിൽ സിഡ്കോയിൽ നിന്നും വാങ്ങുമ്പോൾ മേൽ പറഞ്ഞ സ്പെസിഫിക്കേഷനോടു കൂടിയ(198x90x48 cm) steel cabinet with glass door ഒരെണ്ണത്തിന്റെ വില 8765/-രൂപയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്(ഉത്തരവ് നം. GO.R(T)no.26/2015SPD/8.05.15). ആയതിൻ പ്രകാരം താഴെ പറയുന്ന തുക മാത്രം നല്കിയാൽ മതിയാകും.

7 എണ്ണത്തിന് 8765/ - രൂപാ നിരക്കിൽ 14.5 % നികുതിയും 1200/- രൂപ വിതരണ ചാർജ്ജും ഉൾപ്പെടെ നല്കാവുന്ന തുക 65623/- രൂപ

അധികം നല്കിയ 18725/-രൂപ(84348-65623) സിഡ്കോയിൽ നിന്നും ഈടാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ തിരിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മുഖത്തല എഡിഎ ഓഫീസ് | 2015-16 | 29700 | സമഗ്ര നെൽകൃഷി വികസനം | - | 29700 |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പുനക്കന്നൂർ എസ്എംസി- കുടിവെള്ള പദ്ധതി | ലഭ്യമല്ല | 733099 | - | 733099 |

| | | | | | |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് | കുഴൽക്കിണർ നിർമ്മാണം വാർഡ്-19 | " | 266600 | 266600 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിൻറെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാതുകയുടെയും വിശദവിവരം താഴെകൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പത്തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.നം. 522/10 തി:17.2.2010 | 9000000 | 3582174 | 1600000 | 122250 | 1982174 |

## 4-5. സ്ഥിര നിക്ഷേപങ്ങൾ
ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി
ഇല്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.
പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ലോക്കൽ ഫണ്ട്ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | | 2012 | 3.11.5 | കൺവീനർമാർക്ക് നല്കിയ മുൻകൂർ തുക ക്രമപ്പെടുത്തിയിട്ടില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 92762246 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79144113 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2575 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 88720 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6881594 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1575 | | ശ്രീ. എസ്.അജയകുമാർ സെക്രട്ടറി |
| 2-3 | 1000 | | ശ്രീ. എസ്.അജയകുമാർ സെക്രട്ടറി |
| 3-10 (ബി) | | 69995 | ഡോ. അനൂപ് മെഡിക്കൽ ഓഫീസർ |
| 3-12 | | 18725 | ശ്രീമതി. ഗ്രേസി തോമസ്, ഹെഡ് മിസ്ട്രസ്സ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3320000 | ശ്രീ. എസ്. അജയകുമാർ സെക്രട്ടറി |
| 3-1 | 100000 | ശ്രീമതി. ഫ്ലോസിലാസ്, അസി.സെക്രട്ടറി |
| 3-3 | 733099 | ശ്രീമതി. ഫ്ലോസിലാസ്, അസി.സെക്രട്ടറി |
| 3-6 | 20000 | ശ്രീ. എസ്. പ്രസാദ്, സെക്രട്ടറി |

| | | |
|---|---|---|
| 3-8 | 640500 | ശ്രീ. എസ്. അജയകുമാർ, സെക്രട്ടറി |
| 3-9 | 1113000 | ശ്രീ. എസ്. അജയകുമാർ, സെക്രട്ടറി |
| 3-10(എ) | 54995 | ഡോ. അനൂപ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്. പ്രസാദ്,<br>സെക്രട്ടറി | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | ഹരിശ്രീ<br>കുഴിമതിക്കാവ്.പി.ഒ കുണ്ടറ |
| എസ്. അജയകുമാർ<br>സെക്രട്ടറി | ഇളമ്പല്ലൂർ ഗ്രമാപഞ്ചായത്ത്<br>സെക്രട്ടറി | അജയഭവനം, ശ്രീനഗർ<br>പട്ടത്താനം.പി.ഒ. കൊല്ലം |
| ശ്രീമതി. ഗ്രേസി<br>തോമസ്<br>ഹെഡ് മിസ്ട്രസ് | ഹെഡ് മിസ്ട്രസ്, കെ.ജി.വി.ജി<br>യു.പി.എസ്<br>ഇളമ്പള്ളൂർ | കുന്നേൽ വില്ല<br>പെരുമ്പുഴ.പി.ഒ. കുണ്ടറ<br>ചാങ്ങേൽ ജംഗ്ഷന<br>സമീപം |
| ഡോ.അനൂപ്,<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ഡോ. അനൂപ് , മെഡിക്കൽ<br>ഓഫീസർ, പി.എച്ച്.സി<br>ഇളമ്പള്ളൂർ | ഈച്ചംപറമ്പിൽ ,<br>കെ.എൻ.ആർ.എ. കാവൽ,<br>കൊല്ലം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2000-2001 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2001-2002 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2002-2003 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2003-2004 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2004-2005 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2005-2006 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2006-2007 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2007-2008 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2008-2009 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2009-2010 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2010-2011 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2011-2012 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി.7/114514 /21.07.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## 4-10

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.1– 49/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –10/02/2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015—16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.